നം. പി.3/6731/17/കോവിവ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം , തിരുവനന്തപുരം
തീയതി : 26.03.2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്-പദ്ധതി വിഹിതമായിവിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുകയുടെ വിനിയോഗം-വിശദാംശങ്ങൾ അറിയിക്കുന്നത് – സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന വിവിധ ശീർഷകങ്ങളിൽ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള തുകയുടെ വിനിയോഗം സ്ഥാപനമേധാവി കർശനമായി വിലയിരുത്തേണ്ടതും തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പൊതുമരാമത്ത് വകുപ്പ്/മറ്റേതെങ്കിലും അംഗീകൃത ഏജൻസികൾ മുഖേനയുള്ള ഡിപ്പോസിറ്റ് ജോലികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഈ സാമ്പത്തിക വർഷത്തെ ഡിപ്പോസിറ്റ് വിശദംശങ്ങളും മുൻസാമ്പത്തിക വർഷങ്ങളിൽ തുക ഒടുക്കിയ ശേഷവും പണിതുടങ്ങാത്തവയുടെ വിശദാംശങ്ങളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തി സ്ഥാപന മേധാവി മേലൊപ്പുവച്ച് സൂക്ഷിക്കേണ്ടതുമാണ്. പ്രവൃത്തികൾ, ഉപകരണങ്ങൾ വാങ്ങൽ എന്നിവ പൂർണ്ണമായും നടപ്പാക്കിയെന്ന് സ്ഥാപനമേധാവിയ്ക്ക് ഉത്തമബോധ്യമുണ്ടെങ്കിൽ മാത്രമേ ബില്ലുകൾ പാസ്സാക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. സ്റ്റോർ പർച്ചേസ് റൂൾ- അനുബന്ധ സർക്കാർ ഉത്തരവുകൾ സർക്കുലറുകൾ ബാധകമായ ഉപകരണങ്ങളുടെ വാങ്ങലിൽ ആയത് പാലിക്കേണ്ടതാണ്. പദ്ധതി തുകകൾ വിനിയോഗിച്ച ശേഷം തുക അനുവദിച്ചതിന്റെ റഫറൻസ് നമ്പർ സൂചിപ്പിച്ച് വിനിയോഗ സാക്ഷ്യപത്രം ഓരോ ശീർഷകത്തിനും പ്രത്യേകമായി അയച്ചുതരേണ്ടതാണ്. മേൽ പ്രസ്താവിച്ച വിഷയങ്ങളിൽ വീഴ്ചയുണ്ടാവുന്ന പക്ഷം സ്ഥാപന മേധാവിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വ്യക്തിപരമായ ബാധ്യത ഉണ്ടാകുന്നതാണെന്ന് അറിയിക്കുന്നു

ഒപ്പ്/-
എം.എസ്.ജയ. ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-എല്ലാഗവ.കോളേജ്
പ്രിൻസിപ്പൾമാർക്കും

/അംഗീകാരത്തോടെ

സൂപ്രണ്ട്

ആർ.ബി. 27.03.2018
0745468